**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **10-06-2021 - ൽ മറുപടിയ്ക്ക്**

**ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിന് പ്ലാൻ ഫണ്ടുപയോഗിച്ച് ആരംഭിച്ച കെട്ടിടനിർമ്മാണം സംബന്ധിച്ച നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ 2.85 കോടി രൂപയുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം സ്കൂളിന്റെ കളിസ്ഥലത്തായതിനാൽ കളിസ്ഥലം ഒഴിവാക്കി കെട്ടിട നിർമ്മാണം നടത്തുന്നതു സംബന്ധിച്ച തർക്കം പരിഹരിക്ക പ്പെട്ടിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല. |
| (ബി) | കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്ന് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ടെൻഡർ നടപടി കൈക്കൊള്ളുമോ; അറിയിക്കുമോ; | (ബി) | കരാറുകാരനെ റിലീസ് ചെയ്തിട്ടില്ല |
| (സി) | പ്രസ്തുത സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മൂന്ന് കോടിയുടെ പ്രവൃത്തിക്കുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (സി) | ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മൂന്ന് കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള പുതിയ കെട്ടിടം നിലവിലെ ചില കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്താണ് നിർമ്മിക്കേണ്ടത്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി തടസ്സരഹിത ഭൂമി നിർവഹണ ഏജൻസിക്ക് സ്കൂൾ അധികൃതർ കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ